**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3114** **14-02-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ പ്രകാരം മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ നിയോജകമണ്ഡലത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് 814 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിൽ ഇതുവരെ 11.2 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് 300 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>മലമ്പുഴയ്ക്കും സമീപപ്രദേശങ്ങൾക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ 14/02/2024 അവസാന തീയതിയായി വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>28 കിലോമീറ്റർ പൈപ്പ്ലൈൻ വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലൂടെ സ്ഥാപിക്കുന്നതിനായി വനം വകുപ്പിന്റെയും, മലമ്പുഴ റിംഗ് റോഡിന് സമീപം 26 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡിലൂടെ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ